**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **10-08-2023 - ൽ മറുപടിയ്ക്ക്**

**കരിച്ചാൽകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദീകരിക്കാമോ? | (എ) | കാട്ടകമ്പാൽ പഞ്ചായത്തിലെ കാരിച്ചാൽകടവ് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണത്തിനായി 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി M/s Southern Tech. Vallamattom Building, Pandappilly P.O, Muvattupuzha എന്ന കരാറുകാരൻ ഉടമ്പടി വയ്ക്കുകയും, 18 മാസ കാലാവധിയോടുകൂടി 22/11/2018-ന് പ്രവർത്തിയുടെ സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. തുടർന്ന് പലതവണകളായി കാലാവധി 31/01/2023 വരെ നീട്ടിനൽകിയിരുന്നു.<br><br>സൈറ്റ് കൈമാറി, നാലുവർഷവും രണ്ടുമാസവും പിന്നിട്ടിട്ടും 30% പുരോഗതി മാത്രമേ കരാറുകാരന് കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. കരാറുകാരന്റെ നിരുത്തരവാദിത്വവും അലംഭാവവും ബോധ്യപ്പെട്ടതിനാൽ 31/01/2023-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഉടമ്പടി റദ്ദു ചെയ്തുവെങ്കിലും ടിയാൻ ഹൈക്കോടതിയിൽ WP(C)No.5827/2023 എന്ന നമ്പറിൽ കേസ് ഫയൽ ചെയ്തിരുന്നതിനാൽ ടി പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കാല താമസമെടുത്തു. എന്നാൽ കോടതി വിധി സർക്കാരിന് അനുകൂലമായി വന്നതിനാൽ ടിയാൻ ചെയ്ത പ്രവൃത്തികളുടെ അളവുകൾ തീർപ്പാക്കി ബാലൻസ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും കരാറുകാരനുള്ള Initial liability fix ആക്കുകയും ചെയ്തു. ബാലൻസ് പ്രവൃത്തി 13/04/2023-ൽ PQ Work ആയി ഇ-ടെണ്ടർ ചെയ്തു. ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന്റീ-ടെണ്ടർ ചെയ്യുകയും, ആയതിൽ ഒരു കരാറുകാരൻ മാത്രം ക്വാട്ട് ചെയ്യുകയും ചെയ്തു. 01/08/2023-ൽ ഇതിന്റെ PQ Committee കൂടി ടിയാനെ അംഗീകരിച്ചിട്ടുള്ളതുമാണ്. സിംഗിൾ ടെണ്ടർ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനായി സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ